1991/ഭരണ-II(2)/2019/നിയമം നിയമ (ഭരണ II) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 811 30/01/2019 ൽ മറുപടിക്ക്**

**<u>സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രമുള്ള നിയമനങ്ങൾക്ക് വിജ്ഞാപനം</u>**

**ചോദ്യം:**
**ശ്രീ. ഹൈബി ഈഡൻ**

**ഉത്തരം:**
**ശ്രീ. എ.കെ. ബാലൻ**
**പട്ടികജാതി, പട്ടിക വർഗ്ഗ, പിന്നാക്കക്ഷേമ, സാംസ്കാരിക, നിയമ, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി**

| | | |
|---|---|---|
| (എ) | നിയമ വകുപ്പിൽ ഫയൽ നമ്പറുകൾ 17450/ഭരണ II(2)/2018/നിയമം, 19559/ഭരണ II(2)/2018/നിയമം പ്രകാരം നിയമ വകുപ്പ് മന്ത്രി അറിയാതെ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രം വേണ്ടിയുള്ള നിയമനങ്ങൾക്ക് ചട്ടവിരുദ്ധമായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പി.എസ്.സി.ക്ക് എഴുതിയ കത്ത് പിൻവലിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | കത്ത് നൽകിയതിന് എതിരായി സർക്കാരിൽ നിവേദനങ്ങൾ ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടെയും, വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കത്ത് പിൻവലിച്ചതായും തുടർ നടപടികൾ ആവശ്യമില്ലെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ 02/11/2018 ലെ 17450/ഭരണ II(2)/2018/നിയമം നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. കത്തിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുവാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | കത്തയച്ചതിൽ ഉത്തരവാദികളായവരുടെ വിശദീകരണം സഹിതം സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

O/C

Phone - 0471 - 2314367

ബി. ജി. ഹരീന്ദ്രനാഥ്
നിയമ സെക്രട്ടറി

നിയമ വകുപ്പ്, കേരള സർക്കാർ
തിരുവനന്തപുരം-695 001

ഫോൺ
ഓഫീസ് : 0471-2518383
0471-2332955
ഫാക്സ് : 0471-2332955
മൊബൈൽ : 9447006066

ഇ-മെയിൽ : secy.law@kerala.gov.in
bgharindranath@gmail.com

തീയതി: 02/11/2018

നം.17450/ഭരണ-II(2)/18/നിയമം

സ്വീകർത്താവ്

സെക്രട്ടറി
കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

സർ,

വിഷയം:- നിയമ ഭരണ (II) വകുപ്പ് - ലീഗൽ അസി. ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) - ലീഗൽ അസി. ഗ്രേഡ്-II സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വകുപ്പിൽനിന്നും നൽകിയ കത്ത് പിൻവലിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 08/08/2018 തീയതിയിലെ സർക്കാർ കത്ത് നം.17450/ഭരണ-II(2)/18/നിയമം

മേൽ സൂചന പ്രകാരം യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി (കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയിൽനിന്നുള്ള തസ്തികമാറ്റ നിയമനം) പ്രതീക്ഷിത ഒഴിവു നികത്തുന്നതിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വീണ്ടും പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങൾക്കുള്ള റാങ്ക് ലിസ്റ്റ് നിലനിൽക്കെ സെക്രട്ടേറിയറ്റ് വിഭാഗത്തിന് മാത്രമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ നിയമവകുപ്പിൽനിന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് അയച്ച 08/08/2018-ാം തീയതിയിലെ 17450/ഭരണ-II(2)/18/നിയമം നമ്പർ കത്ത് പിൻവലിച്ചതായി കണക്കാക്കേണ്ടതും അതിൻമേൽ യാതൊരു തുടർനടപടിയും ആവശ്യമില്ല എന്നും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

[signature]